LIBRARY ARCHIVES Kerala Legislative Assembly

മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതി ചെയ്യുന്ന കണ്ടാണശ്ശേരി ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

13-6-2018-ന് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ 11-12-2019-ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിർമ്മാണപ്രവൃത്തിക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ കരാറിൽ ഏർപ്പെട്ടതിനുശേഷവും ഒന്നര വർഷമായി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ 15-7-2021-ന് ടിയാന്, പ്രവൃത്തികൾ ആരംഭിക്കാതിരുന്നതിന്റെ പേരിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ഇതിന് കരാറുകാരൻ 30-7-2021-ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ കരാറുകാരനും കുടുംബത്തിനും കോവിഡ് ബാധിച്ചതിനാലാണ് നിശ്ചിതസമയത്ത് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണപ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടി എടുത്തുവരുന്നു.

ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ

249 (3276) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻകീഴിൽ ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ എത്ര തസ്തിക നിലവിലുണ്ടെന്ന് അറിയിക്കുമോ; സ്ഥാപനം തിരിച്ച് തസ്തികയുടെ വിശദാംശം വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ താഴെപ്പറയും പ്രകാരം ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ അഞ്ച് തസ്തികകളാണ് നിലവിലുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 2 സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - 2, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 1.

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; സ്ഥാപനം തിരിച്ച് ഒഴിവ് എന്നുമുതൽ നിലവിൽവന്നു എന്ന വിവരം സഹിതം വിശദാംശം വ്യക്തമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ താഴെപ്പറയും പ്രകാരം ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ നാല് ഒഴിവുകളാണ് നിലവിലുള്ളത് സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ- 2 (ആദ്യത്തേത് 30-4-2010 മുതൽ രണ്ടാമത്തേത് 31-5-2018 മുതൽ) സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 1 (30-4-2018 മുതൽ) സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 1 (31-5-2019 മുതൽ)

(സി) പ്രസ്തുത തസ്തികയിലെ ഒഴിവിലേയ്ക്ക് നിയമനത്തിനായി നൽകിയ അപേക്ഷകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ അപേക്ഷകളിൽ പ്രൊമോഷൻ അടക്കമുള്ള നിയമനങ്ങൾ നടത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) 14-12-2009-ലെ സ.ഉ.(അ)നമ്പർ 425/2009/ആകുവ നമ്പർ ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ എൻടി കേഡർ തസ്തികയാക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഈ തസ്തികയിലേയ്ക്ക് ഡി.പി.സി. മുഖേന നടന്നുവന്ന സ്ഥാനക്കയറ്റം അവസാനിക്കുകയുണ്ടായി. ഇതിന്റെ ഫലമായി നോൺ മെഡിക്കൽ വിഭാഗത്തിൽ ലക്ചറർ തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന സ്ഥാനക്കയറ്റം ലഭിക്കാതെ വരികയും ആയത് ലക്ചറർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ ബാധിക്കുകയും ചെയ്തു. ഇത് നിരവധി കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കുകയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സോഷ്യൽ സയന്റിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ നസീർ ഇ. ഫയൽ ചെയ്ത ഒ.എ. നം. 76/2020 കേസ്സിലെ 16.01.2020-ലെ അന്തിമ ഉത്തരവുപ്രകാരം ലക്ചറർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ പരിഗണിക്കുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിടുകയും ചെയ്തു. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നോൺ മെഡിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ അദ്ധ്യാപക തസ്തികകൾ മാത്രമേ നിലനിർത്തുവാൻ കഴിയുകയുള്ളൂ എന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനം, ഈ തസ്തികയ്ക്ക് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരിൽ നിന്നും നേരിട്ടുള്ള നിയമനം മുഖേന ആയിരിക്കണമെന്നും അതേ സമയം 1-1-2021-ന്

സർവീസിലുള്ളവർക്ക് നിശ്ചിത യോഗ്യതയുണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ഈ അവസരത്തിൽ സ്ഥാനക്കയറ്റത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 എന്ന അനുപാതം പാലിക്കേണ്ടതുണ്ടെന്നും മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോൺ മെഡിക്കൽ വിഭാഗത്തിലെ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കണമെന്നും ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒ.എ. നമ്പർ 76/2020 കേസ്സിലെ 16-1-2020-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി 3-5-2021-ലെ സ.ഉ.(സാധാ)നമ്പർ 1003/2021/ആ.കു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ബി2/375/2019/ആ.കു.വ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു. ഇതിൽ അന്തിമ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നോൺ മെഡിക്കൽ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ.

ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഓഫീസർ തസ്തികകൾക്ക് ഫാം-ഡി യോഗ്യത

250 (3277) ശ്രീ. കെ. വി.സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ഫാർമസിസ്റ്റ്, ഡ്രഗ് ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകൾ ഫാം-ഡി യോഗ്യതയുള്ളവർക്ക് സംവരണം ചെയ്യുള്ള ഫാർമസി കൗൺസിലിന്റെ പി.പി.ആർ. ആക്ട് 2021 ഭേദഗതി കേന്ദ്ര ആരോഗ്യ മന്ത്രാലയം അംഗീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിന്റെ കീഴിൽ മേൽപ്പറഞ്ഞ തസ്തികകൾ നിലവിലില്ല. ഇക്കാര്യത്തിന് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ശമ്പള പരിഷ്കരണം

251 (3278) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശമ്പള പരിഷ്കരണ ഉത്തരവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സയന്റിഫിക് സ്റ്റാഫ് എന്ന് ഉദ്ദേശിക്കുന്നത് സീനിയർ സയന്റിഫിക് ഓഫീസർ, സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, സയന്റിഫിക് അസിസ്റ്റന്റ്, മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly